(1)	(2)	(3)	(4)	(5)	(6)	(7)
6	ഇടുക്കി	3553669	5943886	5130282	5219947	19847784
7	എറണാകുളം	5815000	4015000	6199000	8312000	24341000
8	തൃശ്ശൂർ	4550000	5100000	8100000	9500000	27250000
9	പാലക്കാട്	4587000	4999000	4897000	6517000	21000000
10	കോഴിക്കോട്	6699411	5298125	5714234	5660414	23372184
11	മലപ്പുറം	5229400	413230	6203588	7717936	19564154
12	വയനാട്	3376860	4081952	6558920	7811892	21829624
13	കണ്ണൂർ	3903178	4806074	6911144	8639835	24260231
14	കാസർഗോഡ്	6968500	4482650	3912763	4919995	20283908
	ആകെ	94591018	109512917	118545931	124571019	447220885

പരിസ്ഥിതി ദുർബല പ്രദേശം

233 (1938) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ദുർബല പ്രദേശ നിയമപ്രകാരം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണ് ഏറ്റെടുത്തിട്ടുള്ളതെന്നും എത്ര ഹെക്ടർ വീതമാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ജില്ല വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഇതിൽ ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വില്ലേജിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ വന മേഖലയോടു ചേർന്ന് പരിസ്ഥിതി പ്രാധാന്യമുള്ള 14910 ഹെക്ടർ ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

പാലക്കാട്	-	5270.69 (ഹെക്ടർ)
വയനാട്	-	3004.86
കോഴിക്കോട്	-	1544.99

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	-	1411.82
മലപ്പുറം	-	1285.09
തിരുവനന്തപുരം	-	885.26
കാസർഗോഡ്	-	662.90
കണ്ണൂർ	-	491.26
കൊല്ലം	-	273.72
തൃശ്ശൂർ	-	80.04
ആകെ	-	14910.63

(വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു)*

(സി) ജനവാസ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പദ്ധതികൾ

234 (1939) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വനം വകുപ്പ് വഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും വേണ്ടി നീക്കി വച്ച തുക എത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നുമുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

വനം വകുപ്പിന്റെ ബഡ്ജറ്റിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. വനം വകുപ്പിന്റെ പദ്ധതികളുടെ ഗുണഭോക്താക്കളായി ഈ വിഭാഗക്കാരും ഉൾപ്പെടും. 2014-15-ൽ ഇക്കോ ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ നിന്നും 60 ലക്ഷം രൂപ "ഊരിനുണർവ് കാടിനുണർവ്" പദ്ധതിക്കായി നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly